## 947

യേശു വരുന്നു വേഗം വരുന്നു ഒരുങ്ങുവിൻ പ്രിയരേ!-നമ്മൾ
പ്രാണനാഥൻ വരുന്നു കാണുവാൻ കാത്തിരിപ്പിൻ പ്രിയരേ!

1 അത്തിവൃക്ഷം തളിർത്തുനിൽക്കും കാലമായല്ലോ
കാത്തിരുന്ന സ്വന്തനാട്ടിൽ യൂദർ പോയല്ലോ
കാലമേറെയില്ല-കാന്തൻ താമസിക്കയില്ല
വേഗം വന്നു വീട്ടിൽ നമ്മെ ചേർത്തിടുമല്ലോ-

2 സർവ്വസൃഷ്ടിജാലം പോലും കാത്തിരിക്കയാം
ദൈവപുത്രൻ വീണ്ടെടുപ്പ് പൂർത്തിയാകുവാൻ
അന്നേ ശോകം തീരൂ-യേശു വന്നേ ശാപം മാറൂ
ഉർവിയെങ്ങുമന്നു മാത്രം ശാന്തി വന്നിടും-

3 ഉദയതാരമുദിച്ചു നേരം വെളുക്കുവോളവും
ഹൃദയവീട്ടിൽ വചനമാകും വിളക്കു വയ്ക്കുവിൻ
അന്ധകാരം മാറും-ദുഃഖബന്ധനങ്ങൾ തീരും
നീതി സൂര്യൻ കാന്തി ചിന്തി വന്നുദിക്കുമേ-

4 പാരിൽ തപിക്കും ഭക്തർ ഖേദം വേഗം തീരുമേ
നേരിൽ തന്നെ കാണും നേരം കണ്ണീർ തോരുമേ
പിന്നെ ദുഃഖമില്ല മൃത്യുവെന്ന ശത്രുവില്ല
എന്നുമെന്നും കർത്തനോടു ചേർന്നു വാഴുമേ!-

**M.E.C.**